# ലാലൂർ വീണ്ടും സമരമുഖത്തേക്ക്

തൃശ്ശൂർ: ലാലൂർ മാലിന്യപ്രശ്നത്തിന് അധികൃതർ എടുത്ത തീരുമാനങ്ങൾ ഒന്നും തന്നെ പര്യാപ്തമാവില്ലെന്ന് പി. യു. സി. എൽ ജില്ലാ പ്രസിഡന്റ് ടി. കെ. വാസു പറഞ്ഞു.

ഇപ്പോൾ കോടതി മൂന്ന മാസത്തേയ്ക്ക് ലാലൂരിൽത്തന്നെ മാലിന്യം നിക്ഷേപിക്കാനുള്ള മാലിന്യം നൽകിയിട്ടുണ്ട്. അതിനുശേഷം പുതിയ മാലിന്യസംസ്കരണ യന്ത്രങ്ങൾ കൂടി വാങ്ങാനാണ് കോർപ്പറേഷൻ അധികൃതരുടെ പരിപാടി. എന്നാൽ പുതിയ ഒരു സംസ്കരണ യന്ത്രം കൊണ്ട് മാലിന്യസംസ്കരണം പൂർണ്ണമായി കാര്യക്ഷമമായി നടത്താനാവില്ലെന്നാണ് ആദ്യയന്ത്രത്തിന്റെ കാര്യക്ഷമതയിൽ നിന്നുകിട്ടുന്ന പാഠമെന്ന് സമരസമിതി പ്രവർത്തകർ പറയുന്നു. 'പുതിയ ഓർഗൈവർ സംസ്കരണയന്ത്രം വാങ്ങിക്കാനുള്ള തീരുമാനം കോർപ്പറേഷൻ അധികൃതർക്ക് അവിഹിത പണസമ്പാദനത്തിനു മാത്രമേ ഉപകരിക്കൂ.' സമരസമിതി പ്രസിഡന്റ് ടി. കെ. വാസു പറഞ്ഞു.

സമാനചിന്താഗതിക്കാരുള്ള സംഘടനകളും വ്യക്തികളും സാഹിത്യസാംസ്കാരികരേയും ഉൾപ്പെടുത്തി സമരം പുതിയ ദിശയിലേക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് ടി. കെ. വാസു വെളിപ്പെടുത്തി.